പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.. 3401 12.12.2014-ലെ മറുപടിക്ക്

## കാഞ്ഞങ്ങാട് നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണം

ചോദ്യം

ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണത്തിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് വിജിലൻസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാഞ്ഞങ്ങാട് നഗരത്തിൽ സ്ഥിതി ചെയ്യുന്ന ഫോർട്ട് വിഹാറിന്റെ പാർക്കിംഗ് ഏരിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് വാണിജ്യാവശ്യത്തിനുള്ള കടമുറികളായി മാറ്റിയതിന് കാഞ്ഞങ്ങാട് നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. അനിൽ.ഡി.ജെ., ഫസ്റ്റ് ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. പി. ശശി എന്നിവർക്കെതിരെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി ശുപാർശ ചെയ്തിരുന്നു. കൂടാതെ കാഞ്ഞങ്ങാട് നഗരസഭയിലെ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. എം.ടി. ഗണേശനും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബാലചന്ദ്രനും എതിരെ നടപടി സ്വീകരിക്കുവാൻ വിജിലൻസ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിരുന്നു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ടെ 26.03.2014-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ, അധികാരമില്ലാതെ ബിൽഡിംഗ് പെർമിറ്റ് ഇഷ്യൂ ചെയ്തതിന് ഫസ്റ്റ് ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. പി. |

| | | | |
|---|---|---|---|
| | | | ശശിയ്ക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. |
| (ബി) | എങ്കിൽ ആരോപണ വിധേയരായ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | മുനിസിപ്പൽ എഞ്ചിനീയറായ ശ്രീ. അനിൽ. ഡി.ജെ.,, ഫസ്റ്റ് ഗ്രേഡ് ഓവർ സീയറായ ശ്രീ.പി.ജി.ശശി എന്നിവർക്കെതിരായ അച്ചടക്ക നടപടി സർക്കാർ തലത്തിൽ തുടർന്നു വരുന്നു. ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ.എം.ടി. ഗണേശൻ, അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ബാലചന്ദ്രൻ എന്നിവർക്കെതിരായ നടപടി ഇവരുടെ വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടയാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉത്തരവായിട്ടുണ്ട്.<br><br>ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ടെ ശുപാർശ പ്രകാരം ശ്രീ. പി.ജി. ശശിക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**